(സി) നിലവിലുള്ള സഹകരണ ബാങ്കുകളിൽനിന്നും നൽകുന്ന വായ്പാ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) 1997-98 മുതൽ 2002-03 വരെയുള്ള സാമ്പത്തിക വർഷത്തിൽ ഓരോ വായ്പാ പദ്ധതികളിലൂടെയും എന്തു തുക വീതം സഹകരണ ബാങ്കുകളിലൂടെ നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ച് വരുന്നു.

ജില്ലാ സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സൗകര്യം

134 [1273] ശ്രീ. എം. പി. ഗംഗാധരൻ:
,, അടൂർ പ്രകാശ്:
,, ലൂഡി ലൂയിസ്:
,, ഡി. സുഗതൻ:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഏതെല്ലാം ജില്ലാ ബാങ്കുകൾക്ക് ഈ സൗകര്യം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു; ഒരു ജില്ലാ ബാങ്കിന് അതിന്റെ ബ്രാഞ്ചുകളുമായി കമ്പ്യൂട്ടർ ബന്ധം സ്ഥാപിക്കുന്നതിനും എ.ടി.എം. സൗകര്യം ഉണ്ടാക്കുന്നതിനും എന്ത് ചെലവുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഒരു ജില്ലാ സഹകരണ ബാങ്കിലും കോർ ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

(ബി) ആലപ്പുഴ, എറണാകുളം, കണ്ണൂർ എന്നീ ജില്ലാ സഹകരണ ബാങ്കുകൾ ഭാവിയിൽ കോർ ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകൾ ബ്രാഞ്ചുകളുമായി കമ്പ്യൂട്ടർ ബന്ധം സ്ഥാപിക്കുന്നതിനും എ.ടി.എം. സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടികൾ ഒന്നും ആരംഭിച്ചിട്ടില്ലാത്തതിനാൽ എന്തു ചെലവുണ്ടാകുമെന്ന് കണക്കാക്കിയിട്ടില്ല.

തിരുവനന്തപുരം, നെടുമങ്ങാട് താലൂക്കുകളിൽ രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ

135 [1274] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം, നെടുമങ്ങാട് എന്നീ താലൂക്കുകളിൽ എത്ര സർവ്വീസ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അവയുടെ പേരുവിവരവും പ്രവർത്തന മേഖലയും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം താലൂക്കിൽ ഉള്ളൂർ, ചെമ്പഴന്തി, പേരൂർക്കട, വഴുതക്കാട് എന്നീ സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ മറ്റൊരു സർവ്വീസ് സഹകരണ സംഘത്തിന് ബ്രാഞ്ച് തുടങ്ങുവാൻ അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സഹകരണ സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഭാഗങ്ങളിൽ അവയുടെ പ്രവർത്തന പരിധിക്കകത്ത് മറ്റ് സംഘങ്ങൾക്ക് ശാഖ തുടങ്ങുന്നതിന് അനുമതി നൽകുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം, നെടുമങ്ങാട് താലൂക്കുകളിൽ രണ്ട് സർവ്വീസ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്:

(1) തിരുവനന്തപുരം സിറ്റി സർവ്വീസ് സഹകരണ ബാങ്ക് നമ്പർ റ്റി. 1495, പ്രവർത്തനപരിധി തിരുവനന്തപുരം സിറ്റി മൊത്തം.

(2) തൈക്കാട് സർവ്വീസ് സഹകരണ സംഘം, പ്രവർത്തനപരിധി തൈക്കാട് വില്ലേജിലെ തൈക്കാട്, തമ്പാനൂർ, ജഗതി, വലിയശാല, ആറന്നൂർ വാർഡുകൾ.

(ബി) ഇല്ല.

(സി) തിരുവന്തപുരം സർവ്വീസ് സഹകരണ ബാങ്ക് ശ്രീകാര്യത്ത് ശാഖ തുടങ്ങുന്നതിനെതിരെ ഉള്ളൂർ സർവ്വീസ് സഹകരണ ബാങ്കും വെള്ളയമ്പലത്ത് ശാഖ തുടങ്ങുന്നതിനെതിരെ വഴുതക്കാട് സർവ്വീസ് സഹകരണ ബാങ്കും സംഘവും ഈ രണ്ടു ശാഖകളും ആരംഭിക്കുന്നതിനെതിരെ ശ്രീ. കെ. അജയകുമാർ എന്നയാളും പരാതി നൽകിയിട്ടുണ്ട്.

(ഡി) സഹകരണ സംഘങ്ങളുടെ രജിസ്റ്റേർഡ് ബൈലായിൽ നിജപ്പെടുത്തിയിരിക്കുന്ന പ്രവർത്തന പരിധിക്കകത്താണ് ശാഖകൾ തുടങ്ങുവാൻ അനുമതി നൽകുന്നത്. പ്രവർത്തനപരിധിക്ക് പുറത്ത് ശാഖ തുടങ്ങുവാൻ അനുമതി നൽകാറില്ല.

വണ്ണപുരം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

136 [1275] ശ്രീ. ബി. വിജയകുമാർ:
,, പി. ജെ. ജോയി:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. എ. ഡി. മുസ്തഫ:
,, എഴുകോൺ നാരായണൻ:: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ണപുരം സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകളെപ്പറ്റി അന്വേഷിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly